33 (3486) സി-ഡിറ്റിലെ ഡോക്ടർ പരാഗ് വി. പ്രസാദിന്റെ ചുമതലകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർ പരാഗ് വി. പ്രസാദിനെ എന്തു ജോലിക്കുവേണ്ടി യാണ് സി-ഡിറ്റിൽ നിയമിച്ചത്;

(ബി) ഇദ്ദേഹത്തെ നിയമിച്ചതെന്നാണ്;

(സി) ഇദ്ദേഹം ഇപ്പോൾ എന്തു ജോലിയാണ് ചെയ്യുന്നത്; എന്നു മുതൽ ആണ് ഈ ജോലി ചെയ്യുന്നത്;

(ഡി) പ്രസ്തുത ജോലിയുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്താണ്;

(ഇ) ഇദ്ദേഹത്തിന്റെ ഇപ്പോഴത്തെ ജോലിയുടെ കാലാവധി എന്നുവരെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സി-ഡിറ്റിലെ മെഡിക്കൽ ഇമേജിംഗ് വിഭാഗത്തിൽ ഗവേഷണ പ്രവർത്തനത്തിനാണ് ഡോ. പരാഗ് വി. പ്രസാദിനെ നിയമിച്ചത്.

(ബി) 6.10.1997-ലാണ് ഇദ്ദേഹം ജോലിക്ക് ചേർന്നത്.

(സി) മെഡിക്കൽ ഇമേജിംഗ് വിഭാഗത്തിലെ ഗവേഷണ പ്രോജക്ടുകളുടെ സംഘാടനവും മേൽനോട്ടവുമാണ് അദ്ദേഹം ചെയ്യുന്നത്. 6.10.97 മുതൽ ജോലി ചെയ്തുവരുന്നു.

(ഡി) മേൽപ്പറഞ്ഞ ഗവേഷണ പ്രോജക്ടുകളുടെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് ഉത്തരവാദിത്വം.

(ഇ) 5.10.2002 വരെ.

34 (3487) സി-ഡിറ്റ് രജിസ്ട്രാറുടെ ശമ്പള സ്കെയിൽ

ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ ഇപ്പോഴത്തെ രജിസ്ട്രാറായ ശ്രീ. പി.വി. ഉണ്ണികൃഷ്ണനെ ഏത് ശമ്പള സ്കെയിലിലാണ് നിയമിച്ചത്;

(ബി) ഇദ്ദേഹത്തിന്റെ ശമ്പള സ്കെയിൽ എപ്പോഴെല്ലാം പരിഷ്കരിച്ചു; ഇപ്രകാരം പരിഷ്കരിച്ച ശമ്പള സ്കെയിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ അദ്ദേഹം ഏത് സ്കെയിലിലാണ് ശമ്പളം വാങ്ങുന്നത്;

(സി) ശമ്പള സ്കെയിൽ പരിഷ്കരണത്തിന്റെ ഫലമായി എന്തുതുക ഇദ്ദേഹം കുടിശ്ശികയായി വാങ്ങിയിട്ടുണ്ട്;

(ഡി) സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെയാണോ പ്രസ്തുത വർദ്ധനവ് നടത്തിയത്; അല്ലെങ്കിൽ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് (ഇ) വകുപ്പിന്റെ 13.8.1998 ലെ നമ്പർ 19266/ഇ2/97/പി.ആന്റ്.എ.

LIBRARY ARCHIVES Kerala Legislative Assembly